## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 853 10.02.2016-ൽ മറുപടിക്ക്

### മഴവെള്ള സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>,, ഹൈബി ഈഡൻ<br>,, പി.സി വിഷ്ണുനാഥ്<br>,, ലൂഡി ലൂയിസ് : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ. | സംസ്ഥാനത്ത് മഴവെള്ള സംഭരണം ജനകീയമാക്കുവാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ. | ഉണ്ട്. |
| ബി | ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി. | വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതികൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ 2 ഭവനത്തിലേയ്ക്ക് 10,000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചു വരുന്നത്.<br><br>ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>➢ മഴവെള്ളം സംഭരിച്ചു ഉപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക. |

- കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴ വെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുക.
- വരൾച്ചയെ പ്രതിരോധിക്കുന്നതി നുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷി യ്ക്കുക.
- മഴവെള്ളം സംഭരിച്ച് ജലാശയ ങ്ങളെ പരിപോഷിപ്പിക്കുക.
- മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക മുതലായവ യാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

സി പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സി 2002 മുതൽ കേരള വാട്ടർ അതോറിറ്റി വർഷ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ചെലവിന്റെ 90% കേന്ദ്ര സഹായവും, 10% ഉപഭോക്തൃ വിഹിതവുമാണ്. എൻ.ജി.ഒ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്.

കെ.ആർ.ഡബ്ല്യൂ.എസ്.എ.യുടെ ഭാഗമാ യുള്ള ജലനിധി പദ്ധതി, മഴകേന്ദ്രം, സി.സി.ഡി.യു, ഗ്രാമ പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധങ്ങളായ ഭരണ-നിർവ്വഹണ സംവിധാനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ

വ്യക്തിഗത കുടുംബങ്ങളിലെ കുടിവെള്ള സംഭരണം ഉറപ്പ് വരുത്തുന്നതിന് 4000-ത്തിൽപരം കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകി. എല്ലാ വർഷവും സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പദ്ധതി തുടർന്ന് നടത്തിക്കൊണ്ട് പോകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ